(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയ വായ്പ

1644 [2468] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. ടി. കുമാരൻ:
,, കെ. ഇ. ഇസ്മയിൽ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ഗവൺമെൻറ് ഗ്യാരണ്ടിയിൻമേൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്; ഓരോ സ്ഥാപനത്തിനും നൽകിയ വായ്പത്തുക എത്ര;

(ബി) കരാറനുസരിച്ച് വായ്പത്തുകയുടെ തവണകൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനങ്ങൾ ഏവ;

(സി) വീഴ്ച വരുത്തിയ സ്ഥാപനങ്ങളെക്കൊണ്ട് തുക അടപ്പിക്കുവാൻ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 7 സ്ഥാപനങ്ങൾക്ക് ഗവൺമെൻറ് ഗ്യാരണ്ടിയിൻമേൽ വായ്പ നൽകിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിനും നൽകിയിട്ടുള്ള വായ്പയുടെ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ബി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരളാ ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ, ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്, കേരളാ പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫെയർ സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ വായ്പത്തുകയുടെ തവണകൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുകയാണ്.

(സി) വീഴ്ച വരുത്തിയ സ്ഥാപനങ്ങളിൽ ട്രാവൻകൂർ റയോൺസ് ഒഴിച്ച് ബാക്കിയുള്ളവർക്കെതിരെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമപരമായും മറ്റുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ റയോൺസ് തുക തിരിച്ചടയ്ക്കുന്നതിന് സാവകാശം ആവശ്യപ്പെടുകയും ടി നിർദ്ദേശം പരിശോധിച്ചുകൊണ്ടിരിക്കുകയുമാണ്.

മദ്യഷാപ്പുകൾ സ്ഥാപിക്കുന്ന പരിധി

1645 [2469] ശ്രീ. എം. കെ. കേശവൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (491) കാണുക]

1. മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി. ഐ. റ്റി. യു.) കണ്ണൂർ.
2. വൈക്കം മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (എ. ഐ. റ്റി. യു. സി.) വൈക്കം.
3. കേരള സംസ്ഥാന സ്വകാര്യ മോട്ടോർ തൊഴിലാളി ഫെഡറേഷൻ (എ. ഐ. റ്റി. യു. സി.) കൊച്ചി.
4. കേരള സംസ്ഥാന സ്വകാര്യ ബസ്സ് മോട്ടോർ ആൻറ് എഞ്ചിനീയറിംഗ് ഫെഡറേഷൻ (ബി. എം. എസ്.) കോഴിക്കോട്.
5. സെൻട്രൽ ട്രാവൻകൂർ മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (സി. ഐ. ടി. യു.) പത്തനംതിട്ട.
6. മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) കാസർകോട്.
7. മോട്ടോർ എംപ്ലോയീസ് അസോസിയേഷൻ (ഐ.എൻ.ടി.യു സി.) ചെറുവത്തൂർ.
8. ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി. ഐ. റ്റി. യു.) പാലക്കാട്.
9. ഇടുക്കി ഡിസ്ട്രിക്റ്റ് മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (സി. ഐ. റ്റി. യു.) തൊടുപുഴ
10. കേരള പ്രൈവറ്റ് മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് ഫെഡറേഷൻ (യു. റ്റി. യു. സി.) (എസ്) കൊല്ലം.
11. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് കോ—ഓർഡിനേഷൻ കമ്മിറ്റി (സി. ഐ. റ്റി. യു.)
12. കേരള മോട്ടോർ ലേബർ യൂണിയൻ (ഐ. എൻ. റ്റി. യു. സി.) കണ്ണൂർ.
13. തിരുവനന്തപുരം ജില്ലാ സ്വകാര്യ ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (ഐ. എൻ. റ്റി. യു. സി.) ആറ്റിങ്ങൽ.

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2468) കാണുക]

സ്ഥാപനത്തിന്റെ പേര്	വായ്പ നൽകിയ തുക
1. കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റി	210 ലക്ഷം രൂപ
2. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്	210 ലക്ഷം രൂപ
3. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്	100 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

4.	കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ	100 ലക്ഷം രൂപ
5.	കേരള ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ	100 ലക്ഷം രൂപ
6.	ട്രാവൻകൂർ റയോൺസ് ലിമിറഡ്	90 ലക്ഷം രൂപ
7.	പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫയർ സൊസൈറ്റി	100 ലക്ഷം രൂപ

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2489) കാണുക]

പോസ്റ്റിന്റെ പേര്	യോഗ്യത
1. ഓഫീസർ ഇൻചാർജ്ജ്	ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രിയുടെ ഹോംട്രേഡ് മാസ്റ്ററുടെ യോഗ്യതയുണ്ടായിരിക്കണം. അതുപോലെതന്നെ രണ്ടുവർഷത്തിൽ കുറയാത്ത 'മേറ്റ്' പരിശീലനം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇന്ത്യൻ നേവിയിലെ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ലഫ്റ്റനൻറ് കമാൻറായിട്ട് പരിശീലനം. അല്ലെങ്കിൽ ഇൻഡ്യൻ നേവിയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ ലഫ്റ്റനൻറായി മൂന്നുവർഷത്തെ പരിശീലനം. അഭിലഷണീയം: 1. റഡാർ മെയിൻറനൻസിൽ സർട്ടിഫിക്കറ്റ് 2. അത്യാധുനികമായ നാവിക ഉപകരണങ്ങളായ വി. എച്ച്. എഫ്., റഡിയോ, ടെലഫോൺ, എക്കോ സൗണ്ടർ തുടങ്ങിയവയിൽ പരിശീലനം
2. എഞ്ചിനീയർ ഇൻചാർജ്ജ്	ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രി നൽകിയിട്ടുള്ള എഞ്ചിനീയർ (മോട്ടോർ) ആയിട്ടുള്ള രണ്ടാംക്ലാസ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. അല്ലെങ്കിൽ ഇന്ത്യാ ഗവൺമെൻറിന്റെ ട്രാൻസ്പോർട്ട് മിനിസ്ട്രി നൽകിയിട്ടുള്ള രണ്ടാംക്ലാസ് എഞ്ചിനീയർ (മോട്ടോർ) സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ. അല്ലെങ്കിൽ ഇൻഡ്യൻ നേവിയിലെ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ലഫ്റ്റനൻറ് കമാൻറായ സേവനം.

LIBRARY ARCHIVES Kerala Legislative Assembly